പ്രഭാഷണം ●
ടീസ്റ്റ സെറ്റൽവാദ്

# ജനാധിപത്യം പുലരാൻ നിയമവാഴ്ച അനിവാര്യം

**'ഇന്ത്യൻ മതേതരത്വം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ 2008 ഒക്ടോബർ 11-ന് ഫോറം ഫോർ ഫെയ്ത് ആന്റ് ഫ്രേറ്റേണിറ്റി എറണാകുളം മഹാരാജാസ് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ പ്രമുഖ മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ സെറ്റൽവാദ് നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹ വിവർത്തനം.**

**വളരെ** മഹത്തായ ഒരു ബഹുമത സംസ്കാരമാണ് നമ്മുടെ രാജ്യം പുലർത്തിവന്നിട്ടുള്ളത്. നമ്മുടെ മതേതരത്വം ഒരു പാശ്ചാത്യ കാഴ്ചപ്പാടായിരുന്നില്ല. ശിവാജി, ടിപ്പുസുൽത്താൻ തുടങ്ങിയ മുൻകാല ഭരണാധികാരികൾ മുതൽ സ്വീകരിച്ചു വന്നത് എല്ലാവരെയും അംഗീകരിക്കുന്ന വിശാലമായ സമീപനമായിരുന്നു. നമ്മുടെ പാഠപുസ്തകങ്ങളിൽ ഇതൊന്നും പഠിപ്പിക്കപ്പെടുന്നില്ല എന്നത് ഏറ്റവും ദൗർഭാഗ്യകരമാണ്. ശിവാജിയുടെ റവന്യൂമന്ത്രിയും ധനകാര്യമന്ത്രിയും മുസ്‌ലിംകളായിരുന്നു എന്ന വസ്തുത പുതുതലമുറക്കറിഞ്ഞുകൂട.

ഇന്ത്യാ ചരിത്രത്തിലെ നിർണായകമായ ഒരു സംഭവമായിരുന്നു വിഭജനം. പതിനേഴ് സംസ്ഥാനങ്ങളിലെ ചരിത്ര പാഠപുസ്തകങ്ങൾ പരിശോധിച്ചപ്പോൾ കേവലം നാല് പാരഗ്രാഫിൽ മാത്രം പ്രസ്തുത സംഭവത്തെ ഒതുക്കിയതാണ് കാണാൻ കഴിഞ്ഞത്. മുസ്‌ലിംലീഗ്, മുഹമ്മദലി ജിന്ന, വിഭജനം തുടങ്ങിയവയിൽ മാത്രം പരിമിതവുമാണ് ഈ വിവരണം. ധാരാളം പലായനങ്ങളും കലാപങ്ങളും നടന്ന വലിയൊരു ചരിത്രസംഭവത്തെ ഇങ്ങനെ ലളിതവൽക്കരിക്കുന്നത് ശരിയാണോ? ആർ.എസ്.എസ്, ഹിന്ദു മഹാസഭ തുടങ്ങിയ പ്രസ്ഥാനങ്ങളുടെ സമീപനങ്ങൾ മുസ്‌ലിം സമൂഹത്തെ വിഭജനമെന്ന ആശയത്തിലേക്ക് എത്തിക്കുകയായിരുന്നില്ലേ എന്ന വശം നമ്മുടെ ചരിത്ര പാഠപുസ്തകങ്ങൾ പരാമർശിക്കുന്നില്ല എന്നതും നമ്മുടെ മതേതര സങ്കൽപത്തിന്റെ വിശുദ്ധിക്ക് കളങ്കം വരുത്തുന്നതാണ്. അതിനാൽതന്നെ നമ്മുടെ ചരിത്ര പാഠപുസ്തകങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് നമ്മുടേത് എന്ന് നാം അഭിമാനം കൊള്ളാറുണ്ട്. എന്നാൽ നിയമവാഴ്ച നിലനിൽക്കുന്ന ഒരു വ്യവസ്ഥയിൽ മാത്രമേ ജനാധിപത്യം പുലരൂ എന്നതാണ് വസ്തുത. അവിടെ നീതി നിഷേധങ്ങൾ ഉണ്ടാവാൻ പാടില്ല. നിയമ തത്ത്വങ്ങളും നീതിയും പരിരക്ഷിക്കപ്പെടുന്ന ഒരവസ്ഥയാണ് നിയമവാഴ്ച. ശരിയായ അർഥത്തിലുള്ള നിയമവാഴ്ച നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുണ്ടോ?

ഗുജറാത്തിൽ എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാം. 1980-കൾ മുതൽ നമ്മുടെ രാജ്യം ജനാധിപത്യ മൂല്യങ്ങളിൽനിന്ന് ഭൂരിപക്ഷ മേധാവിത്വം എന്ന ഒരവസ്ഥാവിശേഷത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ബി.ജെ.പിയാണിതിന് നേതൃത്വം വഹിക്കുന്നത്. ഭൂരിപക്ഷത്തിന്റെ മേധാവിത്വം അടിച്ചേൽപിക്കുന്ന തരത്തിലുള്ള ഏകസിവിൽകോഡിന് വേണ്ടിയാണവർ വാദിച്ചുകൊണ്ടിരിക്കുന്നത്. 1980-ൽ ജമ്മുവിൽ വെച്ച് ഇന്ദിരാഗാന്ധി കോൺഗ്രസിന് വേണ്ടി വോട്ടുചെയ്യാൻ ഹിന്ദുക്കളോട് അഭ്യർഥിക്കുകയുണ്ടായി. അതിന്റെ പ്രത്യാഘാതം അനുഭവിച്ചത് ഇന്ദിരാഗാന്ധി തന്നെയാണെന്ന് പിന്നീടുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നു. ഇന്ദിരാ വധം സംഭവിച്ചു. തുടർന്ന് ഏഴായിരത്തോളം സിക്കുകാർ കൊല്ലപ്പെട്ടു.

അതിനുശേഷം വി.എച്ച്.പി രാമജന്മഭൂമി പ്രശ്നമുയർത്തിപ്പിടിച്ചു. അത് അദ്വാനി ഏറ്റെടുത്തതോടെ രാജ്യത്തെങ്ങും കലാപങ്ങളുണ്ടായി. അദ്വാനി പോകുന്നിടങ്ങളിലെല്ലാം കലാപങ്ങൾ ഉണ്ടാകുന്നതെന്തുകൊണ്ടാണ്? ഒരു പക്ഷേ ഇന്ത്യാ വിഭജന കാലത്തു നടന്നതിനേക്കാൾ കൂടുതൽ കലാപങ്ങൾ അദ്വാനിയുടെ രഥയാത്രകളിലും രാഷ്ട്രീയ യാത്രകളിലും സംഭവിക്കുകയുണ്ടായി.

ഇത്തരം പ്രശ്നങ്ങളോടുള്ള നമ്മുടെ മാധ്യമങ്ങളുടെ നിലപാട് വളരെ നിരാശാജനകമാണ്. കലാപങ്ങളും കൊലപാതകങ്ങളുമുണ്ടാവുമ്പോൾ അവ വലിയ വാർത്തകൾ കൊടുക്കാറുണ്ട്. എന്നാൽ അതിന്റെ പിന്നിലെ കാരണങ്ങളെന്ത്, പ്രത്യാഘാതങ്ങളെന്ത് തുടങ്ങിയ കാര്യങ്ങൾ വിശദീകരിക്കാൻ അവ സൗമനസ്യം കാണിക്കാറില്ല. ഞാൻ ഒറീസയിൽ നിന്നാണ് വരുന്നത്. അവിടെ അമ്പത്തിയാറുപേർ കൊല്ലപ്പെടുകയും 2500 വീടുകൾ തകർക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം

കാര്യങ്ങളൊക്കെ മാധ്യമങ്ങളിൽ വന്നത് സംഭവം നടന്ന് ഇരുപത് ദിവസങ്ങൾക്കു ശേഷമാണ്.

നമ്മുടെ രാജ്യത്ത് നിയമവാഴ്ചയും നീതിയും തകർക്കപ്പെട്ടിരിക്കുകയാണ് എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. അത് പുനഃസ്ഥാപിക്കാൻ വേണ്ടി എഴുന്നേറ്റ്നിൽക്കാനാണ് കാലം നമ്മോടാവശ്യപ്പെടുന്നത്. എന്നാൽ കോൺഗ്രസിന്റെയും ഇടതുപക്ഷത്തിന്റെയും പിന്തുണ ഈ കാര്യത്തിൽ ലഭ്യമാകുന്നില്ല എന്നതാണ് വസ്തുത. 2002-ലെ ഗുജറാത്ത് കലാപത്തിനുശേഷം നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ മേൽപറഞ്ഞ പാർട്ടികളുടെ നേതാക്കന്മാരിൽനിന്ന് പൂജ്യം ശതമാനം സഹായമാണ് ഞങ്ങൾക്ക് ലഭിച്ചത്.

ഇടതുപക്ഷത്തിന്റെ ഒരു സീനിയർ പോളിറ്റ്ബ്യൂറോ അംഗത്തിന്റെ കാര്യം പറയാം. ഒരു പ്രസ്താവന നടത്താനോ, കത്തെഴുതാനോ ആവശ്യപ്പെട്ടാൽ അദ്ദേഹം അപ്രകാരം ചെയ്യും. ഇങ്ങനെ ആർക്കോവേണ്ടി ചെയ്യുന്ന ഒരു സമീപനമല്ല മതേതര കക്ഷികളിൽനിന്ന് നാം പ്രതീക്ഷിക്കുന്നത്. സാമൂഹിക നീതിയും നിയമവാഴ്ചയും പുനഃസ്ഥാപിക്കാൻ എല്ലാവരുടെയും പിന്തുണയോടുകൂടിയുള്ള ഒരു വലിയ മൂവ്മെന്റ് രൂപപ്പെടേണ്ടതാവശ്യമാണ്.

നാം തുടരുന്ന വിദേശ നയവും പ്രതിഷേധാർഹമാണ്. നൂറ് വർഷം ഓർമിക്കുന്ന ഒരു കാര്യം ചെയ്യാൻ യു.പി.എ ഗവൺമെന്റിന് ആഗ്രഹമുണ്ടെങ്കിൽ സച്ചാർകമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുകയാണ് വേണ്ടത്. കോൺഗ്രസ് മാത്രമല്ല, എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ദുർബല ക്ഷേമ പദ്ധതികൾക്കുവേണ്ടി വകയിരുത്തുന്ന തുക ആ ഇനത്തിൽ വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം.

ഭീകരതക്കെതിരെയുള്ള പോരാട്ടത്തെക്കുറിച്ചും ചിലതു പറയേണ്ടതുണ്ട്. ഗുജറാത്തിലും ഒറീസയിലും വി.എച്ച്.പിയും സംഘ്പരിവാറും ചെയ്യുന്ന അക്രമങ്ങൾ എന്തുകൊണ്ട് ഭീകരതയായി കണക്കാക്കപ്പെടുന്നില്ല? വളരെ ചെറിയൊരു ശതമാനം മുസ്‌ലിംകൾ തീവ്രവാദ പ്രവർത്തനങ്ങളിലേർപ്പെടുന്നുണ്ട്. അത്രയും ഹിന്ദുക്കളും ബോംബ് നിർമാണപ്രവർത്തനങ്ങളിലും മറ്റും ഏർപ്പെടുന്നുണ്ട്. ഗുജറാത്തിലും താനെയിലും ജയ്പൂരിലുമൊക്കെയുണ്ടായ സംഭവങ്ങൾ ഇതിനു തെളിവാണ്. എന്നാൽ ഒരു സമൂഹത്തെമാത്രം കുറ്റവാളികളായി ചിത്രീകരിക്കുന്നത് അംഗീകരിക്കാനാവില്ല.

ബോംബെ കലാപശേഷം മുസ്‌ലിം പ്രദേശങ്ങളിലേക്ക് റെയ്ഡിനുപോയ പോലീസ്, മാധ്യമപ്പടയുടെ സാന്നിധ്യത്തിൽ മുസ്‌ലിംകളുടെ ആത്മവിശ്വാസം തകർക്കുന്ന രൂപത്തിലാണ് പെരുമാറിയത്. ന്യൂനപക്ഷങ്ങൾ അരക്ഷിതബോധം മൂലം ഒറ്റപ്പെട്ട ഗെറ്റോകളിലേക്ക് കേന്ദ്രീകരിക്കപ്പെടുന്ന പ്രവണത രാജ്യത്ത് പലയിടങ്ങളിലും കാണപ്പെടുന്നു. ഇത് വളരെ അപകടകരമാണ്. ഒരൊറ്റ ജനത എന്ന നിലയിൽ വ്യത്യസ്ത വിഭാഗങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഒരു രീതിയാണ് നമുക്ക് കരണീയമായിട്ടുള്ളത്.

നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വൃത്തികെട്ട ഒരു അധ്യായമാണ് ഗുജറാത്തിൽ സംഭവിച്ചത്. അത് തിരുത്തിക്കൊണ്ടല്ലാതെ ഭീകരതക്കെതിരായ യുദ്ധത്തിൽ നമുക്ക് മുന്നോട്ടു പോവാനാവില്ല. ■